LIBRARY ARCHIVES Kerala Legislative Assembly

സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള 28-6-2021-ൽ നടന്ന പുനർദർഘാസിൽ പങ്കെടുത്ത കമ്പനികൾ സമർപ്പിച്ച ടെണ്ടറുകൾ പരിശോധിച്ചുവരുന്നു. നിലവിലുള്ള 3000 ഡീസൽ ബസ്സുകൾക്ക് വാഹന നിർമ്മാതാക്കളിൽനിന്നും പുതിയ സി.എൻ.ജി. എഞ്ചിൻ വാങ്ങി പരിവർത്തനം നടത്തുന്ന പദ്ധതിയും പുരോഗതിയിലാണ്. സി.എൻ.ജി. ബസ്സുകൾ പരിവർത്തനം ചെയ്യുന്നതിന് മുന്നോടിയായി പ്രവർത്തന മികവ് വിലയിരുത്തുന്നതിനുവേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ M/s Ashok Leyland-ൽനിന്നും ഒരു സി.എൻ.ജി. ബസ് വാങ്ങുകയും 23.03.2018 മുതൽ കെ.എസ്. ആർ.ടി.സി. ആലുവ യൂണിറ്റിൽ ഉൾപ്പെടുത്തി എറണാകുളം സിറ്റി സർവ്വീസിനായി ഉപയോഗിക്കുകയും ചെയ്യുന്നു.

### കോവിഡ് പ്രോട്ടോകോൾ പാലിച്ച് പൊതുഗതാഗതം

214(1199) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടാണോ സംസ്ഥാനത്ത് ആദ്യ തരംഗം മുതൽ നാളിതുവരെ പൊതുഗതാഗത സർവ്വീസ് നടത്തിവന്നിരുന്നത്; എങ്കിൽ അത് സംബന്ധിച്ച് പാലിച്ചിട്ടുള്ള നിർദ്ദേശങ്ങൾ അക്കമിട്ട് വിശദീകരിക്കാമോ?

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ കോവിഡ് പ്രോട്ടോക്കാൾ പാലിച്ചുകൊണ്ട് സർവ്വീസ് നടത്തണമെന്ന നിർദ്ദേശം കെ.എസ്.ആർ.ടി.സി. നല്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് കെ.എസ്.ആർ. ടി.സി. പുറപ്പെടുവിച്ച 22-4-21, 3-5-21, 16-6-21 തീയതികളിലുള്ള മെമ്മോറാണ്ടത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*. സംസ്ഥാന ഗതാഗത വകുപ്പ് കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് സർവ്വീസ് നടത്തുന്നതിന് ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ/ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. Break the Chain എന്ന പ്രോഗ്രാം പ്രകാരം യാത്രക്കാർ ബസ്സിലും ബോട്ടിലും യാത്ര ചെയ്യുമ്പോഴും യാത്ര കഴിഞ്ഞ് ഇറങ്ങുമ്പോഴും സാനിറ്റൈസർ ഉപയോഗിച്ച് കൈ ശുചിയാക്കുന്നതിനും സോപ്പ് ഉപയോഗിച്ച് കൈ കഴുകുന്നതിനുമുള്ള സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ബോട്ട് ജെട്ടി ടെർമിനലിൽ സ്ഥാപിച്ചിരിക്കുന്ന ടെലിവിഷൻ കോവിഡ്-19 പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നല്കുന്ന പരസ്യ ചിത്രങ്ങൾ പ്രദർശിപ്പിച്ചുവരുന്നു. ബോട്ടിലെയും ബസിലെയും യാത്രക്കാർ തമ്മിൽ സുരക്ഷിതമായ അകലം പാലിക്കുന്നുണ്ടെന്ന് ബോട്ട്/ബസ് ജീവനക്കാർ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പുവരുത്തിയാണ് സർവ്വീസ് നടത്തിവരുന്നത്. യാത്രക്കാർ അധികമുള്ള സമയങ്ങളിൽ തിരക്ക് കുറയ്ക്കുന്നതിനായി ട്രിപ്പുകളുടെ എണ്ണം കൂട്ടി സർവ്വീസുകൾ ക്രമീകരിക്കുന്നുണ്ട്. ഓരോ ട്രിപ്പിന് ശേഷവും ബോട്ടുകൾ, ബസുകൾ സാനിറ്റൈസ് ചെയ്യുകയും കൂടാതെ കൃത്യമായ ഇടവേളകളിൽ ബോട്ടുകളും സ്റ്റേഷനുകളും വൃത്തിയാക്കുകയും ചെയ്യുന്നുണ്ട്. എല്ലാ ബോട്ടുകളിലും കോവിഡ് പ്രോട്ടോക്കാൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി ചെക്കിംഗ് ഇൻസ്പെക്ടറെ നിയമിച്ചിട്ടുണ്ട്. ദ്വീപുകളിലുള്ള അവശ്യ സർവ്വീസുകളായ പോലീസ്, ആരോഗ്യ വകുപ്പ്, പഞ്ചായത്ത്, മൃഗസംരക്ഷണ വകുപ്പ്, ബാങ്ക് എന്നീ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ അവരുടെ ഡ്യൂട്ടി സമയം അനുസരിച്ച് എത്തിക്കുന്നതിനും തിരികെകൊണ്ടുവരുന്നതിനും മുൻകരുതലോടെ ബോട്ടുകൾ സജ്ജീകരിച്ച് പ്രവർത്തിപ്പിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിലും സ്വകാര്യ സ്ഥാപനങ്ങളിലും പ്രവേശിക്കുമ്പോൾ മാസ്ക്, സാനിട്ടൈസർ എന്നിവ ഉപയോഗിക്കണമെന്നും സാമൂഹ്യഅകലം പാലിക്കണമെന്നും നിർബന്ധമാക്കിയിരുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നുവോ?

ശ്രദ്ധയിൽപ്പെട്ടിരുന്നു.

(സി) പൊതുജനങ്ങളിൽ അധികവും യാത്രയ്ക്കായി ആശ്രയിക്കുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ കോവിഡ് ഫ്രീ സോൺ ആയി പ്രഖ്യാപിച്ചിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിലാണോ സാമൂഹ്യഅകലം ഒഴിവാക്കിയതെന്ന് അറിയിക്കുമോ?

കെ.എസ്.ആർ.ടി.സി. ബസ്സുകൾ കോവിഡ് ഫ്രീ സോൺ ആയി പ്രഖ്യാപിച്ചിട്ടില്ല. സർക്കാർ സമയാസമയങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നത്.

(ഡി) കോവിഡ് പ്രോട്ടോക്കോൾ സംബന്ധിച്ച സർക്കാർ തീരുമാനങ്ങൾ ഡ്യൂട്ടിയിലായിരുന്ന സമയത്ത് നെയ്യാറ്റിൻകര ഡിപ്പോയിലെ ഉദ്യോഗസ്ഥൻ രേഖാമൂലം ലംഘിച്ചതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ഇനി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇക്കാര്യം ശ്രദ്ധയിൽപ്പെടുന്ന പക്ഷം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.